LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരികൾക്ക് താമസസൗകര്യം

4 [1782] ശ്രീ. ഇ. എം. അഗസ്തി:
" എം. മുരളി:
" തമ്പാനൂർ രവി:
" ജി. പ്രതാപവർമ്മ തമ്പാൻ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യം നൽകാൻ കഴിയുന്നുണ്ടോ;

(ബി) കെ. ടി. ഡി. സി.-ക്ക് എവിടെയെല്ലാം എത്ര മുറികളുടെ സൗകര്യം ഉണ്ടെന്ന് അറിയിക്കാമോ;

(സി) വീടുകളിൽ ഗസ്റ്റിനെ സ്വീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോഴും ഏർപ്പെടുത്തുന്നുണ്ടോ;

(ഡി) എങ്കിൽ തിരുവനന്തപുരത്ത് ഇത്തരം എത്ര വീടുകളുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 607 മുറികളാണ് നിലവിലുള്ളത് വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) ഇത്തരം 6 (ആറ്) വീടുകളാണ് തിരുവനന്തപുരത്ത് ഇപ്പോൾ ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്.

വിനോദസഞ്ചാര വകുപ്പിലെ വാഹനങ്ങൾ

5 [1783] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ എത്ര പുതിയ വാഹനങ്ങൾ വാങ്ങി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കമ്പനിയിൽ നിന്നും എത്ര വാഹനങ്ങൾ വീതം വാങ്ങിയെന്നും ഓരോന്നിനും എന്തു തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എത്ര വാഹനങ്ങൾ ലേലത്തിൽ വിറ്റു എന്നും എന്തു തുക ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) മന്ത്രിമാർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ 34 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) 1. മഹിക്കാർ മോട്ടോഴ്സ്, തിരുവനന്തപുരം, അംബാസിഡർ—8 എണ്ണം. എസ്കോ മോട്ടോഴ്സ്, തിരുവനന്തപുരം-അംബാസിഡർ 2 എണ്ണം-ആകെ 40,51,509 രൂപ

2. മുപ്പൻ മോട്ടോഴ്സ്, കൊച്ചി ടയോട്ട കൊറോള (പെട്രോൾ) 7 എണ്ണം-60,28,729 രൂപ.

3. കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി-ഫോർഡ് ഐക്കൺ (ഡീസൽ) 11 എണ്ണം-ആകെ 65,53,802 രൂപ

4. കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി-ഫോർഡ് ഐക്കൺ (പെട്രോൾ) 3 എണ്ണം-ആകെ 16,23,901 രൂപ

5. മഹിക്കാർ എഞ്ചിനീയേഴ്സ്, കൊച്ചി-സ്കോഡാ ഒക്ടോവിയ 3 എണ്ണം-ആകെ 29,83,800 രൂപ

(സി) 27 വാഹനങ്ങൾ ലേലത്തിൽ വിറ്റു ടി ഇനത്തിൽ 2,97,713 രൂപാ ലഭിച്ചിട്ടുണ്ട്.

(ഡി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിന് ശേഷം മന്ത്രിമാർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 91,57,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് 1,66,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

തിരുവനന്തപുരം കിഴക്കേക്കോട്ട പുനരുദ്ധാരണ പദ്ധതി

6 [1784] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിലെ കിഴക്കേക്കോട്ട പുനരുദ്ധാരണം സംബന്ധിച്ച് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly